# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ നാരീശക്തി എല്ലാ മേഖലയിലും വ്യക്തിമുദ്ര പതിപ്പിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; മലയാളി ഉദ്യോഗസ്ഥ ഉൾപ്പെട്ട സാഗർ പരിക്രമ യാത്രയിലെ വനിതാ നാവികരുടെ നേട്ടത്തെ മൻ കി ബാത്തിലൂടെ അഭിനന്ദിച്ച് പ്രധാനമന്ത്രി.

   **Prime Minister Narendra Modi says that India's women power is making its mark in every field; PM congratulates the achievement of the Navy officers in the Sagar Parikrama Yatra in Mann Ki Baat.**

2. ഉത്സവ ആഘോഷ വേളകളിൽ സ്വദേശി ഉൽപന്നങ്ങൾക്ക് പ്രാധാന്യം നൽകണമെന്നും കൈത്തറി-കരകൗശല വിദഗ്ദ്ധരുടെ കഠിനാധ്വാനത്തെ ആദരിക്കണമെന്നും പ്രധാനമന്ത്രി.

   **The Prime Minister urges people to celebrate festive season withSwadeshi products and to respect the hard work of handloom and handicraft experts.**

3. ശുചിത്വം വീടുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കണമെന്നും അത് ഏവരുടെയും ഉത്തരവാദിത്തമായി മാറണമെന്നും മൻ കി ബാത്തിൽ ശ്രീ നരേന്ദ്രമോദി.

   **Cleanliness should be extended outside the homes and that it should become everyone's responsibility says PM Narendra Modi in Mann Ki Baat.**

4. തമിഴ്നാട്ടിലെ കരൂർ ദുരന്തത്തിൽ മരണ സംഖ്യ 39 ആയി. അപകട സാഹചര്യത്തിന്റെയും രക്ഷാ ദുരിതാശ്വാസ നടപടികളുടെയും വിശദാംശങ്ങൾ തേടി കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

**The death toll in the Karur disaster in Tamil Nadu reaches to 39. The Union Home Ministry has sought details of the accident situation and rescue and relief measures.**

5. **കേരള രാജ്ഭവൻ പ്രസിദ്ധീകരിക്കുന്ന ത്രൈമാസികയായ രാജ്ഹംസിൻറെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.**

**CM Pinarayi Vijayan releases the quarterly Rajhams published by the Kerala Raj Bhavan.**

6. **ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് കലാശ പോരാട്ടം; കിരീടത്തിനായി ഇന്ത്യയും പാകിസ്ഥാനും ഏറ്റുമുട്ടും.**

**The final match of the Asia Cup cricket will held today; India and Pakistan will clash for the title.**

&&&&&&&&&&&&&&&&&&&&

## MANN KI BAAT-BHAGATHSINGH + LATHA DIDI

അനശ്വര രക്തസാക്ഷി ഭഗത് സിംഗ് എല്ലാ ഇന്ത്യക്കാർക്കും, പ്രത്യേകിച്ച് യുവാക്കൾക്ക് പ്രചോദനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ 126-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭഗത്സിംഗിന്റെയും ലതാ മങ്കേഷ്കറുടെയും ജന്മദിനമായ ഇന്ന് ഇരുവർക്കും പ്രധാനമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു. നിർഭയത്വം ഭഗത്സിംഗിന്റെ സ്വഭാവത്തിൽ ആഴത്തിൽ വേരൂന്നിയിരുന്നുവെന്നും ശ്രീ മോദി പറഞ്ഞു. ലതാ ദീദി ആലപിച്ച ദേശഭക്തി ഗാനങ്ങൾ ജനങ്ങളിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയതായും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## MANN KI BAAT-NARISHAKTI (INTRO)

നവരാത്രി സ്ത്രീശക്തിയുടെ ആഘോഷം കൂടിയാണെന്ന് പ്രധാനമന്ത്രി. വിദ്യാഭ്യാസം, ശാസ്ത്രം, കായികം, വ്യവസായം തുടങ്ങി എല്ലാ മേഖലകളിലും രാജ്യത്തെ പെൺമക്കൾ വ്യക്തിമുദ്ര പതിപ്പിക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നാവിക സാഗർ പരിക്രമ ദൗത്യത്തിൽ എട്ട് മാസം കടലിൽ താമസിച്ച ഇന്ത്യൻ നാവികസേനയിലെ രണ്ട് ധീര വനിതാ ഉദ്യോഗസ്ഥരെ ശ്രീ മോദി

മൻ കി ബാത്തിലൂടെ ജനങ്ങൾക്ക് പരിചയപ്പെടുത്തി. കോഴിക്കോട് സ്വദേശി ലഫ്റ്റനൻറ് കമാൻഡർ ദിൽന, തമിഴ്നാട് സ്വദേശി ലഫ്റ്റനൻറ് കമാൻഡർ രൂപ എന്നിവരുടെ സാഹസിക ദൗത്യം യുവാക്കൾക്കും സ്ത്രീകൾക്കും പ്രചോദനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

ലോകത്തിലെ ഏറ്റവും വിദൂര സ്ഥലമായ പോയിന്റ് നെമോയിൽ ഇന്ത്യൻ പതാക ഉയർത്തിയതാണ് യാത്രയിലെ ഏറ്റവും അവിസ്മരണീയ നിമിഷമെന്ന് ഇരുവരും പ്രധാനമന്ത്രിയോട് പറഞ്ഞു. ഒരു പായ് വഞ്ചിയിൽ അവിടെ എത്തിയ ആദ്യ ഇന്ത്യക്കാരും ലോകത്തിലെ ആദ്യത്തെ വ്യക്തികളുമായി മാറിയിരിക്കുകയാണ് ലെഫ്റ്റനന്റ് കമാൻഡർമാരായ ദിൽനയും രൂപയും.

&&&&&&&&&&&&&&&&&&&&&

## MANN KI BAAT – REEJA (INTRO)

പായ് വഞ്ചിയിൽ ലോകം ചുറ്റിയെത്തിയ തൻറെ മകൾ ലെഫ്റ്റനൻറ് കമാൻഡർ ദിൽനയെ പ്രധാനമന്ത്രി മൻ കി ബാത് പരിപാടിയിലൂടെ അഭിനന്ദിച്ചതിലും മകളുമായി പ്രധാനമന്ത്രി സംവദിച്ചതിലും അഭിമാനമുണ്ടെന്ന് മാതാവ് റീജ ആകാശവാണി വാർത്തകളോട് പ്രതികരിച്ചു.

(വോയ്സ്)

&&&&&&&&&&&&&&&&&&&&&

## MANN KI BAAT-CHATT POOJA

സൂര്യദേവനെ ആരാധിക്കുന്ന ഛഠ് പൂജ ഒരു ആഗോള ഉത്സവമായി മാറുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.
ഛഠ് പൂജയെ യുനെസ്കോയുടെ സാംസ്കാരിക പൈതൃക പട്ടികയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. സർക്കാരിന്റെ സമാനമായ ശ്രമങ്ങൾ കാരണം കൊൽക്കത്തയിലെ ദുർഗാ പൂജയും ഈ യുനെസ്കോ പട്ടികയുടെ ഭാഗമായി എന്ന് ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

## MANN KI BAAT-VOCAL FOR LOCAL (INTRO)

വരാനിരിക്കുന്ന ഉത്സവകാലം സ്വദേശി ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ആഘോഷിക്കാനും 'വോക്കൽ ഫോർ ലോക്കൽ' മന്ത്രമാക്കാനും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ജനങ്ങളോട് അഭ്യർത്ഥിച്ചു. ജിഎസ്ടി സമ്പാദ്യോത്സവവും നടക്കുന്നുണ്ടെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു. രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വാങ്ങാനുള്ള ദൃഢനിശ്ചയം എടുക്കാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു. ഇത് ഒരു കരകൗശല വിദഗ്ദ്ധന്റെ കഠിനാധ്വാനത്തെ ബഹുമാനിക്കുമെന്നും, ഒരു യുവ സംരംഭകന്റെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&&&

## MANN KI BAAT-RSS

വരും ദിവസങ്ങളിൽ രാജ്യം വിജയദശമി ആഘോഷിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈ വിജയദശമി രാഷ്ട്രീയ സ്വയംസേവക സംഘം സ്ഥാപിതമായതിന്റെ 100 വർഷം അടയാളപ്പെടുത്തുന്നു. നൂറിലധികം വർഷങ്ങളായി ആർ.എസ്.എസ് ദേശീയ സേവനത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. രാഷ്ട്രസേവനത്തിനായി സ്വയം സമർപ്പിക്കുന്ന ഓരോ വളണ്ടിയർക്കും അദ്ദേഹം ആശംസകൾ നേർന്നു. ഒക്ടോബർ 7 ന് മഹർഷി വാൽമീകി ജയന്തി ആഘോഷിക്കും. രാമായണത്തിന്റെ ഇതിഹാസത്തിലൂടെ മനുഷ്യത്വത്തെ അവതരിപ്പിച്ച മഹർഷി വാൽമീകിയെ പ്രധാനമന്ത്രി പ്രശംസിച്ചു.

&&&&&&&&&&&&&&&&&&&&

## MANN KI BAAT-KHADI

കഴിഞ്ഞ11 വർഷത്തിനിടെ രാജ്യത്ത് ഖാദിയുടെ പ്രചാരം വർദ്ധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഖാദി വിൽപനയിൽ ഗണ്യമായ വർദ്ധനവുണ്ടായതായും അദ്ദേഹം പറഞ്ഞു. ഈ ഗാന്ധി ജയന്തി ദിനത്തിൽ ഒരു ഖാദി ഉൽപന്നമെങ്കിലും വാങ്ങണമെന്ന് പ്രധാനമന്ത്രി ജനങ്ങളോട് ആഹ്വാനം ചെയ്തു.

(ഹോൾഡ് വോയ്സ്)

ഉത്സവകാലത്ത് ശുചിത്വം വീടുകളിൽ മാത്രമായി പരിമിതപ്പെടുത്താതെ, തെരുവുകളിലും അയൽപക്കങ്ങളിലും വിപണികളിലും ഗ്രാമങ്ങളിലും വ്യാപിപ്പിക്കണമെന്നും ശ്രീ മോദി ഊന്നിപ്പറഞ്ഞു. ദീപാവലിക്ക് രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു കൊണ്ടാണ് മൻ കി ബാത്തിന്റ 126-ാം പതിപ്പ് പ്രധാനമന്ത്രി ഉപസംഹരിച്ചത്.

&&&&&&&&&&&&&&&&&&&&

## KARUR - TAMILNADU

തമിഴ്നാട്ടിലെ കരൂറിൽ തമിഴക വെട്രി കഴകം അധ്യക്ഷനും നടനുമായ വിജയ്, സംഘടിപ്പിച്ച റാലിക്കിടെ ഉണ്ടായ തിക്കിലും തിരക്കിലും 39 പേർ മരിച്ചു. 50 ലധികം പേർ ചികിത്സയിലാണ്. തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ അപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് പത്ത് ലക്ഷം രൂപയും പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും ധനസഹായം പ്രഖ്യാപിച്ചു. സംഭവം അന്വേഷിക്കാൻ വിരമിച്ച ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് അരുണ ജഗദീശന്റെ നേതൃത്വത്തിൽ കമ്മീഷനെ നിയോഗിച്ചു. അപകട സാഹചര്യം പരിശോധിക്കാനും രക്ഷാ ദുരിതാശ്വാസ നടപടികളുടെ വിശദാംശങ്ങൾ നൽകാനും കേന്ദ്ര ആഭ്യന്തര മന്ത്രാലയം തമിഴ്നാട് സർക്കാരിനോട് നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&&&

## KERALA CM -RAJBHAVAN

കേരള രാജ്ഭവൻ പ്രസിദ്ധീകരിക്കുന്ന ത്രൈമാസികയായ രാജ്ഹംസിൻറെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ശശി തരൂർ എംപിക്ക് നൽകിയാണ് മുഖ്യമന്ത്രി ത്രൈമാസിക പ്രകാശനം ചെയ്തത്. ജനങ്ങളോട് സംവദിക്കാനാണ് ഇത്തരം ഒരു പ്രസിദ്ദീകരണത്തിന് തുടക്കമിട്ടതെന്നും പൊതുജനങ്ങൾക്ക് രാജ്ഭവനിലെ പ്രവർത്തനങ്ങൾ അറിയാനും മനസിലാക്കാനും ഇതിലൂടെ കഴിയുമെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&&

## SEVA PARV – PM JAN DHAN YOJANA (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്രസർക്കാർ, പ്രധാൻ മന്ത്രി ജൻ ധൻ യോജനയിലൂടെ ദശലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കിയതും അതുവഴി ജനങ്ങളുടെ സമ്പാദ്യവും ആത്മാഭിമാനവും ഉയർത്തിയതും സംബന്ധിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവാപർവ്വിൽ ഇന്ന്.
(വോയ്സ്)

## SEVA PARV – PM JAN DHAN YOJANA (VOICE))

കഴിഞ്ഞ ദശകത്തിൽ ഇന്ത്യയുടെ വളർച്ചാ ഗാഥയുടെ അടിസ്ഥാന ശിലയായിരുന്നു സാമ്പത്തിക ഉൾച്ചേർക്കൽ.
അതുതന്നെയായിരുന്നു കേന്ദ്ര സർക്കാരിന്റെ മുൻഗണനയും.
2014 ൽ അധികാരമേറ്റ പ്രധാനമന്ത്രി മോദിയുടെ ആദ്യകാല മുൻഗണനാ പദ്ധതികളിൽ ഒന്നായിരുന്നു പ്രധാൻ മന്ത്രി ജൻ ധൻ യോജന. ബാങ്ക് അക്കൗണ്ടുകൾ തുറക്കുക എന്നത് മാത്രമല്ല, സാമ്പത്തിക ശാക്തീകരണത്തിന്റെ സുപ്രധാന ഉപാധികൂടിയായിരുന്നു അത്. (പി എം വോയിസ് )
56 കോടിയിലധികം ജൻ ധൻ അക്കൗണ്ടുകളുള്ള ഈ പദ്ധതി ഇന്ന് ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ഉൾച്ചേർക്കൽ സംരംഭമായി വികാസം പ്രാപിച്ചിരിക്കുന്നു. ഇതിൽ 67 ശതമാനം അക്കൗണ്ടുകളും ഗ്രാമപ്രദേശങ്ങളിലും അർദ്ധ നഗരപ്രദേശങ്ങളിലുമാണ്, 56 ശതമാനം അക്കൗണ്ട് ഉടമകളും വനിതകളാണെന്നുള്ളതും പദ്ധതിയുടെ പ്രത്യേകതയാണ്.
എല്ലാ കുടുംബങ്ങൾക്കും സാർവത്രിക ബാങ്കിംഗ് സേവനം സാധ്യമാക്കുക എന്ന ഈ ദൗത്യം, നേരിട്ടുള്ള ആനുകൂല്യ കൈമാറ്റത്തിന്റെ അടിത്തറയായും ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉത്തേജകമായും മാറിയിരിക്കുന്നു.
ആനുകൂല്യ വിതരണത്തിലെ ചോർച്ച തടഞ്ഞുകൊണ്ട് 3.5 ലക്ഷം കോടിയോളം രൂപ ലാഭിക്കാൻ ഇത് സഹായകമായി.
പ്രധാനമന്ത്രി ജൻ ധൻ യോജന ഇന്ന് ജീവിതങ്ങളെ പരിവർത്തനം ചെയ്യുന്നു. വികസനത്തിന്റെ നേട്ടങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിച്ചേരുന്നുവെന്ന്

ഉറപ്പാക്കുന്നു. തുല്യവും ശാക്തീകരിക്കപ്പെട്ടതുമായ ഇന്ത്യയെ കെട്ടിപ്പടുക്കുന്നു.

&&&&&&&&&&&&&&&&&&&&&

## ASIA CUP

ഏഷ്യ കപ്പ് ക്രിക്കറ്റ് കലാശപ്പോരാട്ടത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം.

&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&